"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-വിശാലകൊച്ചി വികസന അതോറിറ്റി-പരേതനായ കെ. വി. രാജന് അനുവദിച്ചിരുന്ന ഭവന വായ്പയുടെ പലിശയും പിഴപലിശയും ഉൾപ്പെടെ കുടിശ്ശിക തുക പൂർണ്ണമായും ഒഴിവാക്കി നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐഎ) വകുപ്പ്

സ.ഉ.(സാധാ) നം.1247/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/07/2021

പരാമർശം:- 1) വിശാലകൊച്ചി വികസന അതോറിറ്റിയുടെ 31.12.2019-ലെ നിർവ്വാഹക സമിതി തീരുമാനം നം. 148/2019-20.

2) വിശാലകൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 25.01.2020, 20.04.2021 തീയതികളിലെ 28536/എൽ 11/Loan/MIG/ജിസിഡിഎ നമ്പർ കത്തുകൾ.

3) മുളവുകാട് വില്ലേജ് ഓഫീസറുടെ 30.03.2021-ലെ 241/2021 നമ്പർ സാക്ഷ്യപത്രം.

ഉത്തരവ്

വിശാലകൊച്ചി വികസന അതോറിറ്റി, കെ. വി. രാജന് 1986-ൽ എം.ഐ.ജി 28536-ാം നമ്പറായി 30,500/- രൂപ ഭവന നിർമ്മാണ വായ്പ അനുവദിച്ചിരുന്നു. ടിയാൻ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനെ തുടർന്ന് 30.04.2021-ലെ കണക്ക് പ്രകാരം 2,72,366/-രൂപ കുടിശ്ശികയുള്ളതായി കണക്കാക്കുകയുണ്ടായി. വായ്പക്കാരനായ കെ. വി. രാജൻ മരണപ്പെട്ടതിനെ തുടർന്ന് അതോറിറ്റി വായ്പാക്കരാർ പ്രകാരമുള്ള ജപ്തി നടപടികളിലേക്ക് കടന്നു. എന്നാൽ ടിയാന്റെ മകളുടെ അപേക്ഷ പരിഗണിച്ച് പരാമർശം (1)-ലെ വിശാലകൊച്ചി വികസന അതോറിറ്റിയുടെ നിർവ്വാഹക സമിതി തീരുമാന പ്രകാരം വായ്പാ കുടിശ്ശിക പൂർണ്ണമായി ഒഴിവാക്കി നൽകുന്നതിന് തീരുമാനമെടുത്തു. നിർവ്വാഹക സമിതി തീരുമാനത്തിന്റെയും വായ്പാക്കാരന്റെ മകന്റെ അപേക്ഷയുടെയും കുടിശ്ശിക തുക തിരിച്ചു പിടിക്കുവാൻ നിർവ്വാഹമില്ല എന്ന് തെളിയിക്കുന്ന അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിൽ അതോറിറ്റി സെക്രട്ടറി പരാമർശം (2)-ലെ കത്ത് പ്രകാരം കുടിശ്ശിക തുക പൂർണ്ണമായി ഒഴിവാക്കി നൽകുന്നതിന് സർക്കാർ അനുമതി തേടുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വായ്പാക്കാരൻ മരണമടഞ്ഞതിനെ തുടർന്ന് കുടിശ്ശിക തുക തിരിച്ചു പിടിക്കാൻ സാധിക്കാത്ത വിധത്തിലുള്ള അനന്തരാവകാശികളുടെ പരിതാപകരമായ സാമ്പത്തിക സ്ഥിതി പരിഗണിച്ച്, ഇത് ഒരു പ്രത്യേക കേസായി കണക്കാക്കി, വിശാലകൊച്ചി വികസന അതോറിറ്റി പരേതനായ കെ. വി. രാജന് അനുവദിച്ചിരുന്ന ഭവന വായ്പയുടെ പലിശയും പിഴപലിശയും ഉൾപ്പെടെ കുടിശ്ശിക തുക പൂർണ്ണമായും ഒഴിവാക്കി നൽകുന്നതിന് അതോറിറ്റി സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(PTO)

# File No.LSGD-IA3/23/2020-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ എം
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ. എസ്.എ) / (ജി & എസ്.എസ്. എ) കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ